കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – നഗരകാര്യം – ഇരിങ്ങാലക്കുട നഗരസഭയിലെ താൽക്കാലിക നഗരസഭാസെക്രട്ടറി ശ്രീമതി.എം.ആർ.രത്നാമയീദേവിയെ മാതൃവകുപ്പിലേക്ക് തിരികെ അയച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം.1121 /2013/തസ്വഭവ. തീയതി, തിരുവനന്തപുരം, 23/04/2013

പരാമർശം : ജി.ഒ (ആർ.ടി) നം.3922/2010/തസ്വഭവ തീയതി 15/12/2010

ഉത്തരവ്

നോർത്ത് പറവൂർ നഗരസഭയിലെ സൂപ്രണ്ട് ശ്രീമതി.എം.ആർ.രത്നാമയീദേവിയെ മൂന്നാം ഗ്രേഡ് നഗരസഭാസെക്രട്ടറിയായി താൽക്കാലികമായി നിയമിച്ച് മേൽ വായിച്ച സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവായിരുന്നു. ഇപ്പോൾ ഇരിങ്ങാലക്കുട മുൻസിപ്പൽ സെക്രട്ടറിയായി ജോലിചെയ്യുന്ന ശ്രീമതി.എം.ആർ.രത്നാമയീദേവി 31/05/2013 ൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന സാഹചര്യം പരിഗണിച്ച് ടിയാളെ മുൻസിപ്പൽ കോമൺ സർവ്വീസിലേക്ക് ഉടൻ പ്രാബല്യത്തിൽ വരുംവിധം വിടുതൽ ചെയ്ത് ഉത്തരവാകുന്നു.

താൽക്കാലിക നഗരസഭാസെക്രട്ടറി തസ്തികയിൽ നിന്നും വിടുതൽ ചെയ്ത് മുൻസിപ്പൽ കോമൺ സർവ്വീസിലേക്ക് തിരിച്ചയക്കപ്പെട്ട ശ്രീമതി.എം.ആർ.രത്നാമയീദേവിക്ക് അനുയോജ്യമായ നിയമനം നൽകുന്നതിന് നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

ഇരിങ്ങാലക്കുട നഗരസഭാസെക്രട്ടറിയുടെ പൂർണ്ണ അധികചുമതല നഗരസഭയിലെ ജനറൽ സെക്ഷൻ സൂപ്രണ്ടിന് ഇനിയൊരുത്തരവ് ഉണ്ടാകും വരെ നൽകികൊണ്ടും ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എസ്.ജലീൽ
സ്പെഷ്യൽ സെക്രട്ടറി

അക്കൌണ്ടന്റ് ജനറൽ (ഓഡിറ്റ്) തൃശ്ശൂർ ബ്രാഞ്ച്
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ഇരിങ്ങാലക്കുട നഗരസഭ (ചെയർപേഴ്സൺ മുഖേന)
ശ്രീമതി.എം.ആർ.രത്നാമയീദേവി
മുൻസിപ്പൽ സെക്രട്ടറി (പ്രൊവിഷണൽ) ഇരിങ്ങാലക്കുട നഗരസഭ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**